## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | **19.10.2011- ൽ മറുപടിക്ക്**

**ചോദ്യം നം : 4255**

### മോട്ടോർ തൊഴിലാളി ബോർഡ് നടത്തുന്ന പദ്ധതികൾ

**ചോദ്യം**

**ശ്രീ. ബി. സത്യൻ**

(എ) മോട്ടോർ തൊഴിലാളി ബോർഡ് നടത്തുന്ന പദ്ധതികൾ എന്തെല്ലാം; ആനുകൂല്യം ലഭിക്കുന്നതിനു വേണ്ട പ്രധാന യോഗ്യതകൾ എന്തെല്ലാമാണ്; പെൻഷൻ ലഭിക്കൻ വേണ്ട യോഗ്യതയെന്താണ് ;

**മറുപടി**

**ശ്രീ. ഷിബു ബേബി ജോൺ**
**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)**

(എ)

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു

ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾ സർവ്വീസിൽ നിന്നും പിരിഞ്ഞ് പോകുമ്പോൾ ക്ഷേമനിധിയിന്നത്തിൽ തൊഴിലാളിയും തൊഴിലുടമയും അടച്ചതുക പലിശ സഹിതം തിരികെ ലഭിക്കുന്നതാണ്. കൂടാതെ താഴെപറയുന്ന ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്

1. പെൻഷൻ
   10വർഷത്തിൽ കുറയാതെ ക്ഷേമനിധിയിൽ അംഗത്വം ഉള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ അംഗങ്ങൾക്ക് പ്രതിമാസം 500/- രൂപ മിനിമം പെൻഷനായി ലഭിക്കും കൂടാതെ വാഹനങ്ങളുടെ ഇനം തിരിച്ച് വാർഷിക വർദ്ധനവും ലഭിക്കും

2. ഡിസെബിലിറ്റി പെൻഷൻ
   ജോലി ചെയ്യാൻ കഴിയാത്ത തരത്തിൽ പൂർണ്ണമായി അവശതയനുഭവിക്കുന്ന തൊഴിലാളികൾക്ക് സർവ്വീസ് ദൈർഘ്യം നോക്കാതെ മിനിമം 500/- രൂപ ഡിസെബിലിറ്റി പെൻഷൻ ലഭിക്കും
3. അപകടമരണാനന്തര ധനസഹായം

   ക്ഷേമനിധിയിൽ അംഗമായ തൊഴിലാളി അപകടംമൂലം മരണപ്പെട്ടാൽ ഒരുലക്ഷം രൂപ ധനസഹായം
4. മരണാനന്തര ധനസഹായം

   തൊഴിലാളി സ്വാഭാവികമായി മരണപ്പെട്ടാൽ 25,000/-രൂപ മരണാനന്തര സഹായം

5. ചികിത്സാ ധനസഹായം

   മാരകമായ അസുഖം പിടിപ്പെട്ടാൽ പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം

6. വിവാഹ ധനസഹായം

   മോട്ടോർ തൊഴിലാളികളുടെ പെൺ മക്കളുടെ വിവാഹത്തിന് 10,000/- രൂപാ ധനസഹായം (പരമാവധി 2 കുട്ടികൾക്ക്)

7. പ്രസവാനുകൂല്യം

   വനിതകളായ മോട്ടോർ തൊഴിലാളി കൾക്ക് പ്രസവ ധനസഹായമായി 3,000/-രൂപ (പരമാവധി 2 കുട്ടിക ൾക്ക്)

8. വിദ്യാഭ്യാസ സ്കോളർഷിപ്പ്

   എട്ടാം ക്ലാസ് മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 300/- രൂപാ മുതൽ 4500/- രൂപാ വരെയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്

   ഇവയ്ക്ക് പുറമേ വീട് വയ്ക്കുന്നതിനും പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി പോളിസിക്ക് പ്രീമിയം അടക്കുന്നതിനും തൊഴിൽരഹിതനായിരിക്കുമ്പോഴും വായ്പകൾ ലഭിക്കുന്നതാണ്

പെൻഷൻ ലഭിക്കുന്നതിന് ക്ഷേമ നിധിയിൽ അംഗമായ തൊഴിലാളിക്ക് 10 വർഷത്തിൽ കുറയാതെ അംഗത്വവും 60 വയസ്സും പൂർത്തിയായിരിക്കണം. ക്ഷേമ നിധിയിൽ അംഗമായ തൊഴിലാളിക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ദൈർഘ്യം നോക്കാതെ ഡിസെബിലിറ്റി പെൻഷൻ നൽകുന്നതാണ്. ക്ഷേമനിധിയിൽ അംഗമായിരിക്കെ തൊഴിലാളി അപകടം മൂലം മരണപ്പെട്ടാൽ അപകട മരണാനന്തര ധനസഹായവും സ്വാഭാവികമായി മരണപ്പെട്ടാൽ സ്വാഭാവിക മരണാനന്തര ധനസഹായവും ലഭിക്കും. ചികിത്സാധനസഹായം ലഭിക്കുന്നതിന് ക്ഷേമനിധിയിൽ 3 വർഷത്തിൽ കൂടുതൽ കാലം അംഗത്വം ഉണ്ടായിരിക്കണം. വീട് വയ്ക്കുന്നതിനും പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി പോളിസിയ്ക്ക് പ്രീമിയം അടയ്ക്കുന്നതിനും തൊഴിൽ രഹിതനായിരിക്കുമ്പോഴും വായ്പകൾ ലഭിക്കുന്നതിന് ക്ഷേമനിധിയിൽ തുടർച്ചയായ അംഗത്വം ഉണ്ടായിരിക്കണം. ക്ഷേമനിധിയിൽ അംഗത്വമുള്ള വനിതാ തൊഴിലാളികൾക്ക് [illegible]

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസവാനുകൂല്യംലഭിക്കുന്നതാണ്. ക്ഷേമ നിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ 8-ാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം, ഡിപ്ലോമ കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങിയവയ്ക്ക് പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ബോർഡിന്റെ ഫണ്ടിൽ ഇപ്പോൾ എന്തു തുകയാണുള്ളത്; ഏതൊക്കെ ബാങ്കുകളിലാണ് ഇതിന്റെ നിക്ഷേപം; | (ബി) | കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ ഇപ്പോൾ **6490739000/-** രൂപയാണ് ഉള്ളത്. ഈ തുക നിക്ഷേപിച്ചിരിക്കുന്നത് എസ്.ബി.റ്റി. കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക്, വൈശ്യ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, യൂക്കോ ബാങ്ക്, ജില്ലാ സഹകരണബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, ഇൻഡ്യൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കർണ്ണാടക ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ആന്ധ്രാ ബാങ്ക് എന്നിവിടങ്ങളിലാണ്. |
| (സി) | അപകടം സംഭവിച്ചവർക്കും മരണപ്പെട്ടവർക്കും എത്ര തുക യാണ് ആനുകൂല്യം; ഇതിനകം എത്രപേർക്ക് ഇത് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | അപകട മരണം സംഭവിക്കുന്നവർക്കുള്ള ധനസഹായം 100000/- രൂപയാണ്, ഈ ഇനത്തിൽ ഇതിനോടകം 6 പേർക്ക് 6 ലക്ഷം രൂപ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ